LIBRARY ARCHIVES Kerala Legislative Assembly

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം

6 (*276) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭ്യമാകുന്ന പല സഹായങ്ങൾക്കുംവേണ്ടി മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിവരെ ജനങ്ങൾ കാത്തിരുന്നാൽ മാത്രമേ പരിഹാരമുണ്ടാകൂ എന്ന ഇപ്പോഴത്തെ സ്ഥിതിവിശേഷം സംജാതമായതെങ്ങനെ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇത്തരത്തിൽ വീണ്ടും അധികാര വികേന്ദ്രീകരണം നടത്തുന്നത് ഒഴിവാക്കുന്നതിനും തദ്ദേശീയമായിത്തന്നെ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉതകുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഭരണഘടനാപരമായുള്ള അധികാരവികേന്ദ്രീകരണം ഏകദേശം പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. സർക്കാരിൽ നിക്ഷിപ്തമായിരുന്ന മിക്കവാറും എല്ലാ അധികാരങ്ങളും ചുമതലകളും, ആയവ നടപ്പിലാക്കാൻ ഉതകുന്നവിധമുള്ള ഉദ്യോഗസ്ഥരേയും ആസ്തി ബാധ്യതകളും ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് അവയെ സ്വയംഭരണാധികാരമുള്ള തദ്ദേശ സർക്കാരുകളാക്കി വികസിപ്പിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ചില പ്രധാന നടപടികൾ താഴെ പറയുന്നു :

1. പഞ്ചായത്തുകളുടെ വ്യവസ്ഥാപിതമായ പദ്ധതി രൂപീകരണത്തിന് സഹായിക്കാനുതകുംവിധം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയും വ്യക്തമായ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തു.

2. പഞ്ചായത്തുകളിലെ പദ്ധതി മോണിറ്ററിംഗ്, വെറ്റിംഗ് തുടങ്ങിയവ സുതാര്യമാക്കി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേർണൻസ് ഫലപ്രദമായി നടപ്പിലാക്കി.

4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്കരിക്കുകയും ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

5. Accrual Based Double Entry System എന്ന പുതിയ അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി.

6. സേവനാവകാശ നിയമം നടപ്പിലാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന സേവനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

7. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് ഹൈക്കോടതി ജഡ്ജിയുടെ പദവി അനുവദിച്ചു നൽകിയതിലൂടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ശക്തിപ്പെടുത്തി.

8. കൃത്യവും സുതാര്യവുമായ തെരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിനായി നഗരസഭകൾക്ക് പുറമേ ത്രിതലപഞ്ചായത്തുകളിലും Electronic Voting Machine ഉപയോഗിക്കുന്നതിനുവേണ്ട തീരുമാനം കൈക്കൊണ്ടു.

9. നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ 30 കോടി രൂപ (ഓരോ മുനിസിപ്പാലിറ്റിക്കും 50 ലക്ഷം രൂപ വീതം) ഉപാധി രഹിത ഫണ്ടിനത്തിൽ അനുവദിക്കുകയും പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ഒന്നരകോടി രൂപ അനുവദിക്കുകയും ചെയ്തു.

10. കേന്ദ്രാവിഷ്ക്കരണ പദ്ധതികളുടെ കൃത്യവും ആസൂത്രിതവുമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

11. പഞ്ചായത്തുകളിൽ ജോലിഭാരം കുറയ്ക്കുവാനായി അധിക തസ്തികകൾ സൃഷ്ടിക്കുകയും ഉദ്യോഗസ്ഥ പുനർ വിന്യാസം നടത്തുകയും ചെയ്തു.

12. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധമേഖലകളിൽ പരിശീലന പരിപാടികൾ നടത്തി.

13. ഗ്രാമസഭ/വാർഡ്സഭ നിയമാനുസൃതമായി വിളിച്ചുചേർക്കുന്നതിനും ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കരുത്താർജ്ജിപ്പിക്കുന്നതിന് സഹായകരമാകുംവിധമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചു.

14. ആരോഗ്യശുചിത്വ മേഖലകളിൽ വാർഡ്തല ശുചിത്വസമിതിയും സ്ത്രീകളുടെയും കുട്ടികളുടേയും സംരക്ഷണത്തിനായി ജാഗ്രതാ സമിതികളും രൂപീകരിച്ചു.

15. കേരളാ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തി.

ഇത്തരത്തിലുള്ള വിവിധ കർമ്മ പരിപാടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം നിലവിലില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്.

## ഇന്ദിരാ ആവാസ് യോജന

7 (*277) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/വർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകി അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കാണുകയെന്നതാണ് ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(ബി) നിലവിൽ ഐ.എ.വൈ. പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം മാത്രമേ നൽകുന്നുള്ളൂ. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | പട്ടികവർഗ്ഗ വിഭാഗം | 2,50,000 |
| 2. | പട്ടികജാതി വിഭാഗം | 2,00,000 |
| 3. | പൊതുവിഭാഗം | 2,00,000 |

(സി) വർദ്ധിപ്പിച്ചിട്ടുണ്ട്. 15-9-2011 മുതൽ ഐ.എ.വൈ പദ്ധതിയിൽ താഴെ പറയും പ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ട് :

| | | |
|---|---|---|
| 1. | പട്ടികവർഗ്ഗ വിഭാഗം | 2,50,000 |
| 2. | പട്ടികജാതി വിഭാഗം | 2,00,000 |
| 3. | പൊതുവിഭാഗം | 2,00,000 |

LIBRARY ARCHIVES Kerala Legislative Assembly